MCC Library

C 80586

(Pages : 2)

Name.......................................

Reg. No....................................

# FOURTH SEMESTER M.A. DEGREE EXAMINATION, MARCH 2020

(CUCSS)

Malayalam

## MAL 4E 4/15 (b)—KERALEEYA CHINTHA

Time : Three Hours

Maximum : 36 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ലഘുഖണ്ഡികയിൽ ഉത്തരമെഴുതുക :

1 വാസ്തുവിദ്യ എന്നാലെന്ത് ?

2 കുബേരൻ നമ്പൂതിരിയുടെ കാര്യസ്ഥൻ മരത്തനെ പ്രഹരിച്ചതെന്തിനാണ് ?

3 ടാഗോർ സാഹിത്യത്തിൽ പൊതുവേ കാണുന്ന ആശയ ഗാംഭീര്യത്തിന്റെ അടിസ്ഥാനമായി കുറ്റിപ്പുഴ കാണുന്നതെന്തിനെയാണ് ?

4 കുറിയേടത്തു താത്രിയുടെ പ്രവൃത്തികൾ ബോധപൂർവമുള്ള പ്രതികാര നടപടികളായിരുന്നുവെന്ന് വി.ടി. അഭിപ്രായപ്പെടുന്നതെന്തു കൊണ്ട് ?

5 രാമൻ ദശരഥനെ ബന്ധിച്ച് രാജ്യം കൈക്കലാക്കാൻ ഉദ്യമിക്കാതിരുന്നതെന്തു കൊണ്ടായിരിക്കാമെന്നാണ് മാരാർ അനുമാനിക്കുന്നത് ?

6 "ഭാരത ഖണ്ഡത്തിങ്കൽ പിറന്നൊരു

മാനുഷർക്കും കലിക്കും നമസ്ക്കാരം"

—ഇങ്ങനെ പറയാൻ കാരണമെന്ത് ?

7 മലബാർ വിവാഹബില്ലിൽ ചന്തുമേനോനെ പ്രകോപിച്ച പരാമർശമെന്താണ് ?

8 'ആത്മോപദേശ ശതകം' എന്ന ശീർഷകത്തിന്റെ അർത്ഥതലങ്ങൾ ഏവ ?

9 ടി.പി. സുകുമാരൻ ചെറുകാടിൽ കാണുന്ന വ്യക്തിത്വ സവിശേഷതയെന്താണ് ?

10 ഇന്ദുലേഖ, പറങ്ങാടി പരിണയം എന്നീ നോവലുകളിലെ നായികമാരുടെ പാത്രസൃഷ്ടിയുടെ പ്രത്യേകതയെന്ത് ?

11 'വില്ലുവണ്ടിസമരം' എന്തിനുവേണ്ടിയുള്ളതായിരുന്നു ?

12 തൊണ്ണൂറുകളിൽ കേരള സ്ത്രീപക്ഷവേദിയുടെ പ്രവർത്തന ശൈലിയിലുണ്ടായ പ്രകടമായ മാറ്റമെന്താണ് ?

13 "ജ്ഞാനം കൊണ്ടല്ലാതെ ബ്രാഹ്മണത്വം

മാനവന്മാർക്കു ലഭിക്കയില്ല "—ആര്, ആരോട് പറഞ്ഞു ? ആശയം വ്യക്തമാക്കുക.

14 'കാണുന്നീലൊരക്ഷരവും' മെന്ന് പൊയ്കയിൽ അപ്പച്ചൻ സൂചിപ്പിക്കുന്നതെന്തിനെക്കുറിച്ചാണ് ?

(14 × 1 = 14 weightage)

Turn over

MCC Library



II. ഏതെങ്കിലും **ഏഴു** ചോദ്യത്തിന് ലഘൂപന്യാസം തയ്യാറാക്കുക :

15 "ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ

ചത്തു പോകുന്നു പാവം ശിവ ! ശിവ !"

—ചിന്തകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുക.

16 മുസ്ലീം സമൂഹത്തെ ആധുനിക ജീവിതത്തിന്റെ വെളിച്ചത്തിലേക്ക് നയിക്കാൻ മക്തി തങ്ങളുടെ പ്രവർത്തനങ്ങൾ എത്രത്തോളം ഉപകരിച്ചുവെന്ന് ചർച്ച ചെയ്യുക.

17 സമഗ്രമായ ഒരു കേരള ചരിത്രത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇളംകുളം ഓർമ്മപ്പെടുത്താൻ കാരണമെന്ത് ?

18 ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലുണ്ടായ സ്ത്രീപക്ഷ ചിന്തകളുടെ പ്രത്യേകതകൾ വിലയിരുത്തുക.

19 പരമേശ്വരൻ പട്ടർ നമ്പൂതിരിക്കൊപ്പമുള്ള പാർപ്പുപേക്ഷിക്കാൻ തീരുമാനിച്ചതെന്തുകൊണ്ടാണ് ?

20 സീതാപരിത്യാഗത്തെ മാരാർ വിലയിരുന്നത്തുന്നതെപ്രകാരമാണ് ?

21 " 'അഹ' 'മഹ' മെന്നരുളുന്നതൊക്കെയാരാ

യുകിലകമേ പലതല്ലതേകമാകും"

—വ്യാഖ്യാനിക്കുക.

22 സാമൂഹിക പരിഷ്കർത്താവെന്ന നിലയിൽ സഹോദരൻ അയ്യപ്പന്റെ സംഭാവനകൾ വിലയിരുത്തുക.

23 വെള്ളരി നാടകങ്ങളുടെ പ്രത്യേകതകൾ വിലയിരുത്തുക.

24 കവിതയും തത്ത്വചിന്തയും തമ്മിലുള്ള ബന്ധം 'സാഹിത്യത്തിലെ തത്ത്വചിന്ത'യെന്ന ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(7 × 2 = 14 weightage)

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക :

25 'തിരിയും ചുമടും' എന്ന ലേഖനം മുന്നോട്ടുവെയ്ക്കുന്ന ആശയതലങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുക.

26 കേരളത്തിലെ വനിതാ സംഘടനകളുടെ പ്രവർത്തനങ്ങളിൽ കാണുന്ന ന്യൂനതകൾ 'വനിതാസംഘടന' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

27 കേസരി എ. ബാലകൃഷ്ണപിള്ളയ്ക്ക് മലയാള സാഹിത്യ വിമർശന രംഗത്തുള്ള സ്ഥാനമെന്തെന്ന് പരിശോധിക്കുക.

28 ഇംഗ്ലീഷ് വിദ്യാഭ്യാസം അധഃസ്ഥിത വിഭാഗത്തിന്റെ പുരോഗതിയെ ത്വരിതപ്പെടുത്തുമെന്ന ആശയം 'സരസ്വതീ വിജയം' എന്ന കൃതിയിൽ പരാമർശിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

(2 × 4 = 8 weightage)